നൽകിയിട്ടുണ്ട്. ഇതുകൂടാതെ കുമൻതോടു മുതൽ അമ്പായത്തോടു വരെയുള്ള 39.50 കി.മീറ്റർ റോഡ് നവീകരണ പ്രവർത്തനങ്ങൾക്ക് 2010 ലക്ഷം രൂപയുടെ ഭരണാനുമതിയും ഹിൽഹൈവേയുടെ മൂവാറ്റുപുഴ ഡിവിഷനു കീഴിലുള്ള റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് 1685 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. മലയോര ഹൈവേയ്ക്കുവേണ്ടി പ്രത്യേക വിഹിതം നടപ്പു വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ല. എങ്കിലും മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തിയാണ് മേൽ പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയത്.

(സി) ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഘട്ടം ഘട്ടമായി പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

പൊന്നാനി മുതൽ ഏലത്തൂർവരെയുള്ള വെസ്റ്റ് കോസ്റ്റ് ഓഷ്യൻ ഹൈവേ നിർമ്മാണം

162 (5867) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈ വർഷം നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന പൊന്നാനി മുതൽ ഏലത്തൂർ വരെയുള്ള വെസ്റ്റ് കോസ്റ്റ് ഓഷ്യൻ ഹൈവേ നിർമ്മാണത്തിനായി ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡവലപ്മെന്റ് കോർപ്പറേഷനു പുറമേ മറ്റേതൊക്കെ ഏജൻസികളുടെ സഹകരണം തേടിയിട്ടുണ്ട് എന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത പദ്ധതിക്ക് എത്ര കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത് ;

(ഡി) എത്ര വർഷംകൊണ്ട് പ്രസ്തുത പദ്ധതി പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കാനാകും എന്നാണ് കരുതുന്നത് ;

(ഇ) 2010-11 വർഷത്തിൽ ഈ പദ്ധതിയുടെ എന്തൊക്കെ പ്രവർത്തനങ്ങൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പൊന്നാനി മുതൽ ഏലത്തൂർവരെയുള്ള തീരദേശപാത സംബന്ധിച്ച് ആർ.ബി.ഡി.സി.കെ. കിറ്റ്കോ എന്ന കൺസൾട്ടൻസി സ്ഥാപനം മുഖേന പഠനം നടത്തി 2009 ഒക്ടോബറിൽ ഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 11-3-2010-ൽ ഈ റോഡിന്റെ പരിധിയിൽ വരുന്ന നിയമസഭാംഗങ്ങളുമായി ഒരു ചർച്ച നടത്തുകയും ചർച്ചയിൽ ഉയർന്നുവന്ന നിർദ്ദേശമനുസരിച്ച് പാത ഏലത്തൂർ നിന്നും വെങ്ങളം വരെ നീട്ടുന്നതിനുള്ള പഠനം നടത്താൻ കിറ്റ്കോയെ ഏൽപ്പിക്കുകയും ചെയ്തു. അവർ 31-7-2010 ന് മുമ്പ് പഠന റിപ്പോർട്ട് സമർപ്പിക്കും എന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആർ.ബി.ഡി.സി.കെ. ഇതിന്റെ പഠനം റൈറ്റ്സ്, കിറ്റ്കോ എന്നീ ഏജൻസികൾ മുഖേനയാണ് നടത്തിയത്.

(സി) കിറ്റ്കോയുടെ 2009 മെയ് മാസത്തിൽ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം പ്രസ്തുത പദ്ധതിക്ക് 1690 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. കൃത്യമായ തുക കിറ്റ്കോയുടെ അന്തിമ റിപ്പോർട്ട് ലഭിച്ച ശേഷമേ കണക്കാക്കാൻ സാധിക്കുകയുള്ളു.

(ഡി) ടെണ്ടർ നടപടികൾ പൂർത്തിയാകുന്നത് മുതൽ മൂന്നു വർഷത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കാനാവും.

(ഇ) പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ട ശേഷമേ ഇത്തരം കാര്യങ്ങൾ പരിഗണിക്കാൻ സാധിക്കുകയുള്ളു.

കെ.എസ്.ടി.പി.യുടെ രണ്ടാം ഘട്ട പദ്ധതി

163 (5868) ശ്രീ. ബാബു പോൾ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. രാജാജി മാത്യു തോമസ് :
ശ്രീ. എ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ.എസ്.ടി.പി.യുടെ രണ്ടാംഘട്ട പദ്ധതിയുടെ റിപ്പോർട്ട് കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് സമർപ്പിച്ചത് ?

ഉത്തരം

ഉണ്ട്. 2009 മാർച്ച് മാസം.

എം.സി. റോഡ് ഭാഗത്ത് വാഹന അപകടങ്ങൾ

164 (5869) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.റ്റി.പി. യിൽ ഉൾപ്പെടുത്തി നവീകരിക്കപ്പെട്ട എം.സി. റോഡ് ഭാഗത്ത് വാഹന അപകടങ്ങളുടെ നിരക്ക് വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അപകടങ്ങളുടെ നിരക്ക് വർദ്ധനയുടെ കാരണങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ;

(സി) അപകടങ്ങൾ തടയുന്നതിനായി അടിയന്തരമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly